**26th December 2015 / Saturday** **62nd day of 90 days**

**സങ്കീർത്തനങ്ങൾ 112:1**

**‘ യഹോവയെ സ്തുതിപ്പിൻ. യഹോവയെ ഭയപ്പെട്ടു അവന്റെ കല്പനകളിൽ ഏററവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ ’.**

ആരാണ് യഥാർത്ഥ ഭാഗ്യവാൻ എന്ന് സത്യവചനം നമ്മെ ഓർമ്മിപ്പിക്കുമ്പോൾ, ലൗകീകമായ ഭാഗ്യവാന്മാരെ ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ എന്താകുമെന്ന് ചിന്തിക്കേണം. വചനത്തെ പരിശുദ്ധാത്മാവിന്റെ നിറവിൽ ആഴത്തിൽ ധ്യാനിക്കുമ്പോൾ, യഹോവയെ സ്തുതിക്കേണം, ഭയപ്പെടേണം, കല്പനകൾ ഇഷ്ടപ്പെടേണം, അനുസരിക്കണം – ഇതെല്ലാം അനുസരിക്കുന്ന ഒരു വിശ്വാസിയ്ക്കു ലൗകീകജീവിതത്തെ കുറിച്ച് ഒരിക്കലും ആകൂല ചിന്തയുണ്ടാകില്ല. കാരണം സർവ്വസൃഷ്ടിയായ ദൈവത്തെ പ്രസാദിപ്പിച്ചു കഴിഞ്ഞാൽ, ദൈവരാജ്യത്തിന്റെ അവകാശിയായി തീർന്നാൽ, നമുക്ക് ആവശ്യമായ കാര്യങ്ങൾ എല്ലാം യഥാസമയം ദൈവം ഒരുക്കി തരും. ആദ്യം യഹോവയെ സ്തുതിക്കേണം. വായ് കൊണ്ട് സ്തുതി, സ്തോത്രം പറഞ്ഞാൽ അത് യഥാർത്ഥമായി ദൈവപ്രസാദം ലഭിക്കുകയില്ല. മാത്രമല്ല, അനുഗ്രഹത്തിനുപകരം ശാപവും ബന്ധനവും ഉണ്ടാകും. ആയതിനാൽ യഹോവയെ സ്തുതിക്കുന്നതിന് മുമ്പ് നാം ശുദ്ധീയുള്ളവരാകണം. അതിന് യാമപ്രാർത്ഥനകളും ആരാധനകളും ധ്യാനങ്ങളും വിശുദ്ധ കൂദാശകളും പ്രയോജനപ്പെടുത്തേണം. ആത്മീയമായി യഹോവയെ ഭയപ്പെട്ടുതന്നെ ജീവിക്കണം, നമ്മെ സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും ആയ ദൈവത്തെ നാം അനുസരിക്കണം. അത് സ്നേഹത്തിൽ നിറഞ്ഞ അനുസരണവും ഭയവും ആകണം. ദൈവകല്പനകൾ അനുസരിക്കണമെങ്കിൽ ആദ്യം അതിനെ ഇഷ്ടപ്പെടേണം. അതിനായി, ദൈവരാജ്യത്തെയും തിരുവചനത്തെയും ഇഷ്ടപ്പെട്ട് അതിൽ തന്നെ രസിക്കേണം എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ദൈവത്തെയും തിരുവചനത്തെയും ഇഷ്ടപ്പെട്ടാൽ, കല്പനകൾ അനുസരിക്കുന്നതിന് നമുക്ക് കഴിയും. അല്ലാതെ സ്നേഹമില്ലാതെ, മനസ്സില്ലാതെ ചെയ്താൽ ദുഷ്ടശക്തികൾ നമുക്ക് എതിരായി കേസ്സുകൾ കൊടുക്കുകയും സ്വർഗ്ഗത്തിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുകയും ചെയ്യും. ആയതിനാൽ ഈ ലോകത്തിന്റെ ദൃഷ്ടിയിൽ ഭാഗ്യവാന്മാരാകാൻ ശ്രമിക്കാതെ, നിത്യരാജ്യത്ത് നിത്യജീവനും സമാധാനത്തിനും സന്തോഷത്തിനും ശ്രമിക്കേണം. മനുഷ്യർക്ക് ദൈവകല്പനകൾ പൂർണ്ണമായി ഇഷ്ടപ്പെട്ട് അനുസരിക്കാൻ കഴിയണമെന്നില്ല. അതിനുവേണ്ടി കല്പനകൾ തന്നവന്റെ കൃപയും കരുണയും ആവശ്യമാണ്. കൃപയുഗത്തിന്റെ തുടക്കത്തിൽ, കർത്താവിന്റെ വചനവുമായി മാലാഖ മറിയാമിന്റെ അടുത്ത് വന്ന് ആദ്യം പറയുന്നത്, ‘കൃപ ലഭിച്ചവളെ….. എന്നാണ്. ആദ്യം നമുക്ക് ദൈവത്തിന്റെ കൃപ ലഭിക്കേണം. അത് ദാനമായി ദൈവം നൽകുന്നു. ദൈവമക്കൾ എപ്പോഴും അതിനുവേണ്ടി ശ്രമിക്കേണം, പിതാവായ ദൈവത്തെ നമ്മുടെ ജീവിതം കൊണ്ട് പ്രസാദിപ്പിക്കേണം, ക്രിസ്തീയജീവിതരീതിയിൽ നല്ല മാതൃകയായിരിക്കണം. നമുക്ക് ശുദ്ധീകരണം പ്രാപിക്കാം, ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് തലത്തിലും ശുദ്ധീകരണം പ്രാപിക്കാം. പാപങ്ങളുടെ മോചനത്തിനും കടങ്ങളുടെ പരിഹാരത്തിനും സ്വയപരിശോധന നടത്തി, അനുതാപത്തോടെ, നിറകണ്ണുകളോടെ, ദൈവത്തിന്റെ സന്നിധിയിൽ കൈകൾ കൂപ്പി, മുട്ടിന്മേൽ യാചനകൾ / അപേക്ഷകൾ സമർപ്പിക്കാം. കല്പനകൾ ഇഷ്ടപ്പെട്ട് അനുസരിക്കാൻ യഹോവയായ ദൈവത്തിന്റെ കൃപയ്ക്കായി യാചിക്കാം, ദൈവത്തെ പ്രസാദിപ്പിച്ച് ആത്മീയ സന്തോഷവും സമാധാനവും ഭാഗ്യവും നേടീടാം.

